ഓതറൈസേഷൻ ഇല്ലാതെ വരുന്ന ഏജന്റുമാരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ഗതാഗത വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തുടനീളം മിന്നൽ പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ ശിപാർശ ചെയ്ത് നടപടി സ്വീകരിക്കുന്നു.

ബാർ കോഴ അന്വേഷണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ

235 (241) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴ അന്വേഷണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിന്ന് എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഉത്തരവുകൾ ഏതെല്ലാമാണെന്നും ഉത്തരവുകളുടെ കോപ്പികളും ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ആഭ്യന്തര വകുപ്പിൽനിന്ന് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല.

മുൻ ചീഫ് സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം

236 (242) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ.ഭരത് ഭൂഷൻ അനധികൃത സ്വത്ത് സമ്പാദിച്ചുവെന്ന ആക്ഷേപം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം ഇപ്പോൾ ഇത് ഘട്ടത്തിലാണ്,വ്യക്തമാക്കുമോ;

(ബി) സിവിൽ വ്യോമയാന ഡയറക്ടർ ജനറലായിരിക്കേ ശ്രീ.ഭരത് ഭൂഷൻ സ്വകാര്യ കമ്പനിയുടെ ഹെലികോപ്റ്ററിൽ നടത്തിയ യാത്രകൾ ഔദ്യോഗികമായിരുന്നുവോ; ഇത് സംബന്ധിച്ച് വ്യോമയാന മന്ത്രാലയത്തിൽ നിന്നുള്ള വിവരങ്ങൾ വിജിലൻസ് സംഘത്തിന് ലഭിച്ചിട്ടുണ്ടോ;

(സി) ജമ്മുകാശ്മീർ സർക്കാരിന്റെ ഹെലികോപ്റ്ററിൽ അമർനാഥിലേക്ക് ഭാര്യയുമൊത്ത് ഭരത് ഭൂഷൻ നടത്തിയതായി പറയപ്പെടുന്ന ക്രമവിരുദ്ധ യാത്രയെ കുറിച്ചുള്ള വിവരങ്ങൾ വിജിലൻസ് തേടിയിട്ടുണ്ടോ;

(ഡി) മുൻ ചീഫ് സെക്രട്ടറി, നിയമവിരുദ്ധമായി പ്രവൃത്തിച്ചതായി ഉന്നയിക്കപ്പെട്ട ഏതെല്ലാം ആരോപണങ്ങൾ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സത്വരാന്വേഷണം പൂർത്തിയായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ലഭ്യമല്ല.

(ഡി) ഇതുസംബന്ധിച്ച് നിലവിൽ മറ്റ് അന്വേഷണങ്ങൾ ഒന്നും നടക്കുന്നില്ല.

ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി

237 (243) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതികളെ കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കാമോ ;

(ബി) സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ .തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഴിമതി സംബന്ധിച്ച അന്വേഷണം നടത്തിയാൽ കുടുങ്ങുന്ന . ചിലരുണ്ടെന്നും അവരുടെ പേര് പിന്നീട് പറയാമെന്നും പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്വേഷണ സംഘത്തിന് തനിക്കറിയാവുന്നവരുടെ പേര് മന്ത്രി നല്കിയിട്ടുണ്ടോ; അന്വേഷണ സംഘം മന്ത്രിയെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അഴിമതി നടത്തിയതിനെക്കുറിച്ച് അറിയാവുന്ന മന്ത്രി അക്കാര്യം യഥാസമയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് എത്രത്തോളം കുറ്റകരമാണ്; ഇക്കാര്യത്തിൽ ഒരു മന്ത്രിക്ക് പ്രത്യേക പരിരക്ഷ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയ ഗെയിംസ് നടത്തുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 22-7-2014-ലെ സി.എം.പി.102/2013 നമ്പർ ഉത്തരവ് പ്രകാരം ഒരു സത്വരാന്വേഷണം തൃശ്ശൂർ വിജിലൻസ് & ആന്റികറപ്ഷൻ യൂണിറ്റിൽ നടന്നുവരുന്നു. ശ്രീ. സലീഷ്. എൻ.എസ്., പോലീസ് ഇൻസ്പെക്ടറിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly